## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2803 19.06.2014- ൽ മറുപടിക്ക്

### ഇടുക്കി ജില്ലയിൽ കാലവർഷക്കെടുതിയിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്കുള്ള സഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റോഷി അഗസ്റ്റിൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | കഴിഞ്ഞ കാലവർഷക്കെടുതിയിൽ ഇടുക്കി ജില്ലയിൽ എത്ര വീടുകൾക്ക് പൂർണ്ണ നാശം സംഭവിച്ചുവെന്നും എത്ര വീടുകൾക്ക് ഭാഗികനാശനഷ്ടം സംഭവിച്ചുവെന്നും വ്യക്തമാക്കുമോ ; | (എ) | കഴിഞ്ഞ കാലവർഷക്കെടുതിയിൽ ഇടുക്കി ജില്ലയിൽ 162 വീടുകൾക്ക് പൂർണ്ണ നാശനഷ്ടവും 2130 വീടുകൾക്ക് ഭാഗിക നാശനഷ്ടവും സംഭവിച്ചിട്ടുണ്ട്. |
| (ബി) | കാലവർഷക്കെടുതിയിൽ കിടപ്പാടം നഷ്ടപ്പെട്ടവർക്ക് വാഗ്ദാനം ചെയ്തപ്രകാരം എന്തെല്ലാം കാര്യങ്ങൾ നിവർത്തിക്കാൻ സാധിച്ചുവെന്ന് അറിയിക്കുമോ ; | (ബി) | കിടപ്പാടം നഷ്ടപ്പെട്ടവർക്ക് വീടുകൾ പുനർനിർമ്മിക്കുന്നതിനോ പുതിയവ നിർമ്മിക്കുന്നതിനോ ആവശ്യമായ ധന സഹായം നൽകുകയും, വീടും ഭൂമിയും നഷ്ടപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. വീട് വയ്ക്കുന്നതിന് സ്ഥലം അനുവദിക്കുന്നതിന് ഇവരെ ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂമി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ഇപ്രകാരം വീട് പുനർനിർമ്മിക്കാൻ സർക്കാർ ആനുകൂല്യങ്ങൾ കൈപ്പറ്റിയവരുടെ പേര് വിവരങ്ങൾ വെളിപ്പെടുത്തുമോ ? | (സി) | ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രേറിയിൽ ലഭ്യമാണ്**